ക്ഷേമപദ്ധതി അതേപടി ഇവിടെ സ്വീകരിക്കാൻ ഒരു സ്കീം തയ്യാറാക്കി ഞാൻ ഉത്തരവിട്ട് മുഖ്യമന്ത്രിയുടെ ഫൈനൽ സാങ്ഷനുവേണ്ടി കൊടുത്തിരിക്കുകയാണ്. So, that is done. ആ ക്ഷേമപദ്ധതി നടന്നു കഴിഞ്ഞു. ആ വാഗ്ദാനം പാലിച്ചിട്ടുണ്ട്. 1996-ൽ മെഡിക്കൽ സഹായത്തിനുള്ള ഒരു സ്കീമുണ്ടായിരുന്നു. അത് ഉൽഘാടനം ചെയ്തു. അത് ഞങ്ങൾ പരിശോധിച്ചപ്പോൾ അത് പ്രായോഗികമല്ലെന്നു മനസ്സിലായി. പിന്നെ 1996-ൽ പ്രഖ്യാപിച്ച ആ ദിവസവും എല്ലാംകൂടി നോക്കിയാൽ അത് അപ്പോൾ പ്രഖ്യാപിക്കേണ്ട സമയത്തു തന്നെയാണ് പ്രഖ്യാപിച്ചത്! നല്ല സമയത്ത് ഒരു കാര്യം ചെയ്തു എന്നു പറഞ്ഞാൽ അതു മോശമാണോ? That is exactly what I said.

<u>ശ്രീ. എ.കെ. ആന്റണി</u> : ഇനി മുതൽ അങ്ങും മറ്റു മന്ത്രിമാരും നടത്തുന്ന പ്രഖ്യാപനങ്ങളെല്ലാം ഇതുപോലെയാണോ? നല്ല സമയത്തു തന്നെയാണോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : അങ്ങയുടെ മഹത്തായ പാത തുടരാൻ ഞാനൊക്കെ ആഗ്രഹിക്കുന്നു. ആ പാത മോശമല്ല. അങ്ങ് ഡി.എ പ്രഖ്യാപിച്ചിട്ടു പോകുക. പിന്നെ ഞങ്ങൾ കൊടുക്കുക. ഇതൊക്കെ നല്ല മാർഗ്ഗമാണോ?

<u>ശ്രീ. എ.കെ. ആന്റണി</u> : അന്ന് ഏതായാലും നല്ല ഉദ്ദേശത്തോടുകൂടി തുടങ്ങിയെങ്കിലും ആ പരിപാടി നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഇനിയങ്ങോട്ട് അങ്ങ് പാത തുടരുമെന്ന് പറഞ്ഞത് അങ്ങ് ഉൾപ്പെടെയുള്ള മന്ത്രിമാരുടെ പ്രഖ്യാപനങ്ങളെല്ലാം നടപ്പിലാകില്ല എന്ന് ഇപ്പോൾ അങ്ങ് സമ്മതിക്കുകയല്ലേ? ട്രഷറിയിൽ പണമില്ലാത്തതുകൊണ്ട് നടപ്പിലാക്കാൻ കഴിയുകയില്ലെന്ന് അങ്ങ് പറയുകയല്ലേ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ട്രഷറിയിൽ ബുദ്ധിമുട്ടുണ്ട്. ആരാണ് ട്രഷറി സമൃദ്ധമെന്ന് പറഞ്ഞത്? ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. പക്ഷേ നിങ്ങളുടെ മാതിരി ഏപ്രിൽ മാസത്തിൽ അങ്ങനെ ചെയ്യാൻ ധൈര്യമില്ല. എന്താണ് കാര്യമെന്ന് വച്ചാൽ പിന്നേയും ഞങ്ങൾ തന്നെയാണ് വരുന്നത്. നേരെമറിച്ച് നിങ്ങൾക്കാണെങ്കിൽ കണ്ണുംപൂട്ടി ചെയ്യാമായിരുന്നു. ഇനിയും വരില്ല എന്ന് ഉറപ്പ് ആയിരുന്നു. ആ ഒരു ധൈര്യമെടുക്കാൻ ഞങ്ങൾക്ക് വയ്യ. നമ്മൾ തമ്മിൽ അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞിട്ട് കാര്യമില്ല. ജനങ്ങൾ വിധിയെഴുതാൻ പോകുകയല്ലേ? ഈ തർക്കത്തിന് ഒരു അർത്ഥവുമില്ല. നിങ്ങൾ ചെയ്യുന്നതു പോലെ റാഷ് ആയിട്ട് ചെയ്യാൻ പറ്റുകയില്ല. ഇത് നമ്മൾ തന്നെ കൊടുക്കേണ്ടിവരും. ആ ഒരു ബുദ്ധിമുട്ടുണ്ടാകുന്നതുകൊണ്ടാണ് വളരെ പക്വമായിട്ട് പോകുന്നത്. മെഡിക്കൽ സ്കീം നടപ്പിലാക്കാൻ പറ്റുന്ന രീതിയിൽ പ്രായോഗിമായി സമീപനം സ്വീകരിക്കും. It is under preparation. അവർ ഉടനെതന്നെ തയ്യാറാക്കും.

(19) ഏറ്റുമാനൂർ-കല്ലറ-വെച്ചൂർ റോഡിന്റെ പണി

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന ഏറ്റുമാനൂർ-കല്ലറ-വെച്ചൂർ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയാതെ വന്നിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി ബഹു.വകുപ്പുമന്ത്രി നടപടി സ്വീകരിക്കണം. കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ സാധാരണ നടക്കുന്ന വർക്കുകൾക്ക് വ്യത്യസ്തമായി നിരവധിയായ വർക്കുകൾ പൂർത്തിയാക്കിക്കഴിഞ്ഞപ്പോൾ ഈ വർക്ക് പൂർത്തിയാക്കാൻ കഴിയാതെ പ്രശ്നം ഉണ്ടായിരിക്കുന്നു. ആ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നത്. നിലവിലുള്ള കരാറുകാരൻ വർക്ക് പൂർത്തിയാക്കാൻ തയ്യാറാകാതെ ഗുരുതരമായ അനാസ്ഥ കാണിച്ചുകൊണ്ട് ഇങ്ങനെ ഒരു പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. കഴിഞ്ഞ തവണ ഉന്നയിച്ച സബ്മിഷന്റെ അടിസ്ഥാനത്തിൽ ബഹു.മന്ത്രി ഇടപെടുകയും വർക്ക് പുനരാരംഭിക്കാൻവേണ്ടി നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. അതനുസരിച്ച് വർക്ക് പുനരാരംഭിച്ചു എങ്കിലും വീണ്ടും പണി നിർത്തിവച്ചുകൊണ്ട് പ്രശ്നം ഉണ്ടാക്കിയിരിക്കുകയാണ്. നിലവിലുള്ള കരാറുകാരനെ പിരിച്ചുവിടണമെന്നും പുതിയ വർക്ക് ക്രമീകരിക്കണമെന്നുമാണ് എനിക്ക് പറയാനുള്ളത്. ഇക്കാര്യത്തിൽ ബഹു.മന്ത്രി ഇടപെട്ടുകൊണ്ട് നിലവിലുള്ള കരാറുകാരനെ പിരിച്ചുവിട്ട് പുതിയ വർക്ക് ക്രമീകരിച്ച് റോഡ് നിർമ്മാണം പൂർത്തിയാക്കാൻവേണ്ടി നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഏറ്റുമാനൂർ-കല്ലറ-വെച്ചൂർ റോഡിന്റെ ഒന്നാം ഭാഗത്തിന്റെ പണി ജയപ്രകാശ് എന്ന കരാറുകാരനെ 6-2-'91-ൽ ഏല്പിച്ചിരുന്നതാണ്. കരാർ വ്യവസ്ഥപ്രകാരം പ്രസ്തുത പണി 1998-ൽ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ കരാറുകാരന്റെ അനാസ്ഥമൂലം പണിക്ക് താമസം നേരിട്ടിരിക്കുന്നു. പണി പൂർത്തിയാക്കേണ്ട കാലാവധി കഴിഞ്ഞിട്ടും പണി പൂർത്തിയാക്കാത്തതുകൊണ്ട് ബഹു.അംഗം പറഞ്ഞതുപോലെ ഈ കരാറുകാരനെ ജോലിയിൽനിന്നും നിയമാനുസൃതം ഒഴിവാക്കുന്നതിന് അടിയന്തിരമായ നടപടികൾ സ്വീകരിക്കുന്നതും മറ്റൊരാളെ ജോലി ഏല്പിച്ച് പണികൾ പൂർത്തീകരിക്കുന്നതുമാണ്.

(20) കഴക്കൂട്ടം പഞ്ചായത്തിന് പ്രൈമറി ഹെൽത്ത് സെന്റർ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ കഴക്കൂട്ടം ഗ്രാമപഞ്ചായത്താണ് കേരളത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ ഇല്ലാത്ത ഏക പഞ്ചായത്ത്. കഴിഞ്ഞ സമ്മേളനത്തിലും ഇതിനു മുൻപുള്ള സമ്മേളനത്തിലും ഇത് സബ്മിഷനായി അവതരിപ്പിച്ചതാണ്. ഉടൻ ഉണ്ടാകുമെന്ന് പറഞ്ഞെങ്കിലും ഇതുവരെ ഒന്നും നടന്നില്ല. കേരളത്തിലെ ഏക പഞ്ചായത്ത് അതാണ്. അവിടെ ഞങ്ങൾ ആശുപത്രിക്കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. അവിടെ ഒരു സബ്സെന്ററും പ്രവർത്തിക്കുന്നുണ്ട്. അതൊന്ന് പി.എച്ച്. സെന്റർ ആക്കണമെന്ന് മാത്രമേയുള്ളൂ. ഇത് താല്പര്യമെടുത്ത് ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണം.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സർ, കഴക്കൂട്ടം പഞ്ചായത്തിന് മാത്രമായി ഒരു പ്രൈമറി ഹെൽത്ത് സെന്റർ അനുവദിക്കുന്ന കാര്യം സാമ്പത്തിക സൗകര്യങ്ങളനുസരിച്ച് പരിഗണിക്കുന്നതാണ്.

(21) ഗണക സമുദായത്തെയും ഉപജാതികളെയും ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, കേരളത്തിലെ ഒരു ന്യൂനപക്ഷ പിന്നോക്ക സമുദായമായ ഗണക സമുദായവും അതിന്റെ ഉപജാതിയിൽപ്പെട്ട കണിശൻ, കണിയാർ, കളരിക്കുറുപ്പ്, കണിയാൻ, കളരിപ്പണിക്കർ, കണ്ടനാർ എന്നീ വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന പൊതുസംഘടനയായ കേരള കുരുക്ഷേത്രസമാജം 22-5-2000-ത്തിൽ ഒ.ഇ.സി. ലിസ്റ്റിൽപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റിന് നിവേദനം നല്കിയിട്ടുണ്ട്. അത്

LIBRARY ARCHIVES Kerala Legislative Assembly